# സ്കൂളിന്റെ സ്ഥിതിവിവരക്കണക്ക്

സ്കൂളിന്റെ പേര് : പിപിടിഎം എഎൽപി സ്കൂൾ പുന്നക്കാട്.

സ്കൂൾ കോഡ് : 18639

സ്കൂളിന്റെ മെയിൽ : pptmalps 1983@gmail.com

സ്ഥാപിതം : 16-07-1983

മാനേജർ : ഫക്രുദ്ദീൻ കെ.ടി.

ഹെഡ്മാസ്റ്റർ : കമറുലൈല. എം.

പി.ടി.എ. പ്രസിഡന്റ് : മുഹമ്മദ് സഫ്വാൻ. ടി.

മേൽവിലാസം : പുന്നക്കാട്, കുളത്തൂർ (PO)
മലപ്പുറം ജില്ല, 679338

ഉപജില്ല : മങ്കട

BRC : മങ്കട

പഞ്ചായത്ത് : മൂർക്കനാട്

താലൂക്ക് : പെരിന്തൽമണ്ണ

ബ്ലോക്ക് : മങ്കട

വാർഡ് :

പോലീസ് സ്റ്റേഷൻ : കുളത്തൂർ

ബോധന മാധ്യമം : മലയാളം, ഇംഗ്ലീഷ്

കുട്ടികളുടെ എണ്ണം :

1-4 : 161

Pre-primary : 33

അധ്യാപകർ : 10

പ്രീ-പ്രൈമറി : 2

## ആമുഖം.

ആസ്വാദ്യമായ പഠനാനുഭവങ്ങളിലൂടെ ഓരോ ക്ലാസിലെയും കുട്ടികൾ നേടേണ്ട അറിവും കഴിവും അതത് ക്ലാസിൽ വച്ചു തന്നെ നേടിയെടുക്കുന്നതിനും ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനും വേണ്ടി സ്കൂൾതല റിസോഴ്സ് ഗ്രൂപ്പിൽ പ്ലാൻ ചെയ്ത അക്കാദമികപ്രവർത്തനങ്ങളും പഠന പിന്തുണ സംവിധാനങ്ങളുമാണ് ഇതിന്റെ ഉള്ളടക്കം. പഠനനേട്ടങ്ങൾ കൈവരിക്കുന്നതോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ ശേഷി വികാസം സാധ്യമാകുന്നതിനായി 2025-2026 അധ്യയന വർഷം നടപ്പിലാക്കുന്ന പഠനാനുബന്ധപ്രവർത്തനങ്ങളും ദിനാചരണങ്ങളും അനുബന്ധമായി ഇതിൽ ഉൾചേർത്തിട്ടുണ്ട്.

# അനുബന്ധപ്രവർത്തനങ്ങൾ

| വിഭാഗം. | പ്രവർത്തന സമയം | ചുമതല / കൺവീനർ |
|---|---|---|
| SRG | ആഴ്ചയിൽ 1 ദിവസം | വനജശ്രീ. A.K., അധ്യാപകർ |
| ...ബ്ജക്ട് കൗൺസിൽ | അധ്യയനവർഷം | സൽമത്തുന്നിസ. കെ. ജെ. |
| ...ത്തണമിനി | അധ്യയനവർഷം | മുഷ്താക്ക് മുഹമ്മദ്. |
| ...ദ്യാരംഗം കലാസാഹിത്യവേദി | ആഴ്ചയിൽ 1 ദിവസം (ബുധൻ 2 to 2.30) | ഗോപകുമാർ. ജി. |
| ...ഹ്യശാസ്ത്രക്ലബ്ബ് | ഫാത്തിമ നസ്റീന, സൽമത്തുന്നിസ, ആഴ്ചയിൽ 1 (തിങ്കൾ 2 to 2.30) | ഫാത്തിമ നസ്റീന, സൽമത്തുന്നിസ. |
| ...ണിത ക്ലബ്ബ് | ആഴ്ചയിൽ 1 ദിവസം (വെള്ളി 2 to 2.30) | കമറുലൈല. [illegible] |
| ...മിക ക്ലബ്ബ് | ആഴ്ചയിൽ 1 ദിവസം (വെള്ളി 4 to 4.30) | മൻസൂറ. കെ. ടി. |
| ...ൽത്ത് ക്ലബ്ബ് | എല്ലാ വെള്ളിയാഴ്ചയും. | ഫാത്തിമ നസ്റീന |
| ...ദി ക്ലബ്ബ്. | എല്ലാ ആഴ്ചയിലും തിങ്കൾ (10 to 10.20) | മറിയാമു. പി.പി. |
| [illegible] | എല്ലാദിവസവും ഉ 1.30 to 2.15 | സൽമത്തുന്നിസ. [illegible] |
| ...സംബ്ലി, അധ്യാപകർ. | എല്ലാദിവസവും | ഗോപകുമാർ, സൽമത്തുന്നിസ. |
| ...A | ഓരോ ടേമിലും | |
| ...PTA | മാസംതോറും | |
| ...PTA | മാസംതോറും | |
| ...ഭക്ഷണക്കമ്മറ്റി | മാസംതോറും. | |
| ...ബാലസഭ | എല്ലാ വെള്ളിയാഴ്ചയും. | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം:

* എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
* എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ തരത്തിലുള്ള ആശയ വിനിമയ ശേഷി നേടി എന്നുറപ്പു വരുത്തുക.
* കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക
* സർഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കുക
* ഭാഷാശേഷി വികസനത്തിനായി ആധുനിക-സാങ്കേതിക വിദ്യ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
* മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്:

* സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
* സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
* സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
* സ്വതന്ത്ര ആശയ വിനിമയം സാധ്യമാക്കുക.

## ശാസ്ത്രം:

* ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക
* ശാസ്ത്ര ബോധം, ശാസ്ത്രീയ മനോഭാവം

എന്നിവ വികസിപ്പിക്കുക.

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.

## ഗണിതം

* അടിസ്ഥാന ഗണിത ശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
* ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പു വരുത്തുക.
* ICT ഗണിത പഠനത്തിനായി ഉപയോഗപ്പെടുത്തുക.
* ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുക.

## അറബി

* അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
* വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വികസിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്മുറികളിലൊരുക്കുക.
* ഭാഷാപഠനത്തിൽ IT സാധ്യതകൾ ഉപയോഗപ്പെടുത്തുക.

# തനത് പ്രവർത്തനം

**ലക്ഷ്യം :** * ഒന്നാം ക്ലാസിനെ ഒരു ഗ്രൂപ്പായും, 2,3,4 ക്ലാസുകളെ മറ്റൊരു ഗ്രൂപ്പായും കണ്ട് കുട്ടികളിലെ പദസമ്പത്ത് വളർത്താനും, പൊതു വിജ്ഞാനം വളർത്താനുമുള്ള "അറിവു- ണർവ്' എന്ന പ്രവർത്തനം.

**പ്രവർത്തനം :**

## One day one word - (ഒന്നാം ക്ലാസ്)

ഓരോ ദിവസവും ഓരോ word നൽകി. ആഴ്ചയിൽ ഒരു ദിവസം ക്വിസ് നടത്തി. വിജയിയെ കണ്ടെത്തുന്നു. വർഷാവസാനം മെഗാ ക്വിസ് നടത്തുന്നു.

## അറിവുണർവ് ( 2,3,4 )

ആഴ്ച തോറും 10 ചോദ്യങ്ങൾ വീതം കൊടുത്ത് മാസം ക്വിസ് നടത്തി വിജയിയെ തിര ഞ്ഞെടുക്കുന്നു. വർഷാവസാനം മെഗാക്വിസ് നടത്തുന്നു.

വിജയികൾക്ക് അസംബ്ലിയിൽ സമ്മാനം നൽകുന്നു

# മലയാളം

## പ്രവർത്തനം : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസനം ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ. | **കുഞ്ഞുപതിപ്പ് (1,2)**<br>ക്ലാസ് തലത്തിൽ കുട്ടികളുടെ രചനകൾ ഉൾപ്പെടുന്ന മാഗസിൻ മാസാവസാനം സ്കൂൾ അസംബ്ലിയിൽ പ്രദർശിപ്പിക്കുന്നു.<br>**രചനോത്സവം (3,4)**<br>- പുസ്തകങ്ങൾ നൽകുന്നു.<br>- പുസ്തക വായന<br>- വായനാക്കുറിപ്പ് തയ്യാറാക്കൽ<br>കുട്ടികളുടെ വായനാക്കുറിപ്പുകൾ ഉൾപ്പെടുത്തി ഓരോ കുട്ടിക്കും ഓരോ പതിപ്പ് തയ്യാറാക്കുന്നു. അസംബ്ലിയിൽ പ്രദർശിപ്പിക്കുന്നു. | 1 വർഷം | ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| 2. എല്ലാ കുട്ടികളെയും സ്വന്തം വായനക്കാരാക്കൽ | **ക്ലാസ് ലൈബ്രറി**<br>ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ശേഖരിക്കൽ.<br>→ വായന പരിപോഷിപ്പിക്കൽ<br>→ അസംബ്ലിയിൽ പുസ്തക പരിചയം നടത്തുന്നു. | ജൂൺ. ജൂലൈ | ക്ലാസ് ടീച്ചർ | |
| 3. കുട്ടികൾക്ക് പൊതു വിജ്ഞാനം നേടാനുള്ള ശേഷി വളർത്തുന്നു. | **അറിവുണർവ് (2,3,4)**<br>ആഴ്ച തോറും 10 ചോദ്യങ്ങൾ വീതം കൊടുത്ത് മാസ ക്വിസ് നടത്തുന്നു. ഒരു വിജയിയെ കണ്ടെത്തി അസംബ്ലിയിൽ സമ്മാനം നൽകുന്നു. വർഷാവസാനം മെഗാ ക്വിസ് നടത്തുന്നു. | 1 വർഷം | ക്ലാസ് ടീച്ചർ | |
| 4. കുട്ടികളുടെ പദസമ്പത്ത് വളർത്തുന്നു. | **One day One word (1)**<br>ഓരോ ദിവസവും ഒരു word നൽകി, ആഴ്ചയിൽ ഒരു ദിവസം ക്വിസ് നടത്തി വിജയിയെ കണ്ടെത്തുന്നു. | 1 വർഷം | ക്ലാസ് ടീച്ചർ | |

5. കുട്ടികളുടെ ഭാഷാ ശേഷി വളർത്തുന്നു.

6. സർഗാത്മക രചന വളർത്തുന്നു.

## സ്കൂൾ പത്രം

കുട്ടികളുടെ രചനകൾ, ദിനാചരണങ്ങൾ, വായനാവാര, ക്ലബ് പ്രവർത്തനം, ശില്പശാലകൾ, .. വിദ്യാരംഗം പ്രവർത്തനങ്ങൾ എല്ലാം ഉൾപ്പെടുത്തികൊണ്ട് 3 മാസം തോറും ഒരോ പത്രം കുട്ടികൾ ടീച്ചറുടെ സഹായത്തോടെ തയ്യാറാക്കുന്നു. തുടർന്ന് അസംബ്ലിയിൽ പ്രകാശനം ചെയ്യുന്നു.

# ഇംഗ്ലീഷ്

## പ്രവർത്തനം - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം | English Assembly - ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി (മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ)<br>• ഇംഗ്ലീഷ് Thought, Riddles .... അവതരണം.<br>* അസംബ്ലിയിൽ ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ<br>Skit, Drama, Conversation Story Telling - - etc<br>**ഇംഗ്ലീഷ് ബാലസഭ**<br>* മാസത്തിൽ ഒരു ഇംഗ്ലീഷ് ബാലസഭ | 1വർഷം | ടീച്ചർ | |

ക്ലാസിൽ നടത്തുന്നു. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട poem, action song, story Riddles...

എന്നിവയെല്ലാം ഇഷ്ടപ്പെടുന്നതാം (നിയ (നാനാ കുട്ടികൾക്ക്)

# ഗണിതം

## പ്രവർത്തനം : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിലെ ആശയങ്ങൾ ഉറപ്പിക്കൽ | **ഗണിതമൂല**<br>ഓരോ ക്ലാസിലും ഗണിത മൂലകൾ സജ്ജീകരിക്കൽ (മഞ്ചാടി, കളിനോട്ട്, കാർഡുകൾ, മുത്തുകൾ, സംഖ്യാപോക്കറ്റ് ....) | 1 വർഷം | ക്ലാസ് ടീച്ചർ | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | **ഗണിത പഠനോപകരണ ശില്പശാല**<br>3,4 ക്ലാസുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട് വരുന്ന പഠനോപകരണങ്ങളുടെ നിർമ്മാണ ശില്പശാലയായി ഒരു ദിവസം നടത്തുന്നു.<br>**ഗണിതകിറ്റ് :** ശില്പശാലയിലൂടെ നിർമ്മിച്ച ഓരോ പഠനോപകരണ | നവംബർ ഡിസംബർ | ടീച്ചർ | |

| | | | |
|---|---|---|---|
| | ങ്ങളും ഗണിത കിറ്റായി ഓരോ കുട്ടിയും നിർമ്മിക്കുന്നു. | | |
| ഗണിതശേഷി വളർത്തൽ സർഗാത്മകത പരിപോഷിക്കൽ | **ഗണിത മാഗസിൻ**<br>ഓരോ ക്ലാസിലും ഗണിത മാഗസിൻ തയ്യാറാക്കുന്നു. അസംബ്ലിയിൽ പ്രകാശനം ചെയ്യുന്നു. | 1 വർഷം | ക്ലാസ് ടീച്ചർ |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ<br>* അന്വേഷണ ത്വര വളർത്തൽ | **ശാസ്ത്ര ശില്പശാല**<br>'ശാസ്ത്ര വിസ്മയം'<br>ശാസ്ത്ര പരീക്ഷണങ്ങൾ ഉൾപ്പെടുന്ന ശില്പശാല നടത്തുന്നു. | നവംബർ | ക്ലാസ് ടീച്ചർ | |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | **ശാസ്ത്ര ചെപ്പ്**<br>ലളിതമായ പരീക്ഷണങ്ങൾ സ്കൂൾ അസംബ്ലിയിൽ മാസത്തിൽ ഒന്ന് വീതം അവതരിപ്പിക്കുന്നു. | 1 വർഷം | ക്ലാസ് ടീച്ചർ | |
| - ശാസ്ത്രാഭിരുചി വളർത്തൽ<br>- അന്വേഷണത്വര പരിപോഷിപ്പിക്കൽ | **ഫീൽഡ് ട്രിപ്പ്**<br>പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പ് നടത്തുന്നു.<br>* മൺപാത്ര നിർമ്മാണ ശാല<br>* കൃഷിത്തോട്ട സന്ദർശനം<br>... | | | |

| | | | |
|---|---|---|---|
| പരിസ്ഥിതിയുമായി കൂടുതൽ അടുത്തറിയൽ | **പച്ചക്കറിത്തോട്ടം, പൂന്തോട്ടം**<br>സ്കൂളിൽ പച്ചക്കറി- ത്തോട്ടം, പൂന്തോട്ടം കുട്ടികളെ ഉൾപ്പെടുത്തി കൊണ്ട് ചെയ്യുന്നു. | 1 വർഷം | ടീച്ചർ |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * കുട്ടികളിൽ ആരോഗ്യത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നു.<br>* ആരോഗ്യശേഷി വളർത്തുന്നു. | Zumba class<br>ആഴ്ച തോറും ഒരു ക്ലാസ് നടത്തുന്നു. | 1 വർഷം | ക്ലാസ് ടീച്ചർ | |

# അറബി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അറബി നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം | **അറബി അസംബ്ലി**<br>ആഴ്ചയിൽ ഒരു ദിവസം അറബിയിൽ മുഴുവൻ പ്രവർത്തനങ്ങളും അസംബ്ലി ചെയ്യുന്നു. | 1 വർഷം | ടീച്ചർ | |
| ചിത്രങ്ങളുടെ സഹായത്തോടെ ലഘു വിവരണങ്ങൾ തയ്യാറാക്കുന്നു | **ശില്പശാല**<br>– ചിത്ര വായന<br>– ചിത്രങ്ങളുടെ സഹായത്തോടെ ലഘുവിവരണങ്ങൾ വായിക്കുകയും തയ്യാറാക്കുകയും ചെയ്യുന്നു. ചിത്രങ്ങൾ കാർഡുകൾ എന്നിവ ശേഖരിക്കൽ | ജൂൺ–ആഗസ്റ്റ് | ടീച്ചർ | |
| അറബി ഭാഷ മെച്ചപ്പെടുത്തൽ | വിവിധ പക്ഷികൾ മൃഗങ്ങൾ ഇവയെക്കുറിച്ചുള്ള കവിതകൾ വായിക്കാനും പാടാനും സന്ദർഭം ഒരുക്കുന്നു. സ്വന്തമായ രചനക്കുള്ള അവസരം.<br>കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു. | | | |